## വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

**(അവതരണം : പി.എം.റെജീന)**

ഇ.എ്.1/822/2014

തീയതി : 22.03.2018

വിഷയം :- വ്യവസായം – ജീവനക്കാര്യം – സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ക്ലാർക്ക് തസ്തികയിലെ 10% ഒഴിവിലേയ്ക്ക് തസ്തികമാറ്റംവഴി നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

പരാമർശം :
1. സർക്കാർ ഉത്തരവ് (പി) 01/14/ഉ.ഭ.പ.വ തീയതി 03.01.2014.
2. സർക്കാർ ഉത്തരവ് (പി) 21/14/ഉ.ഭ.പ.വ തീയതി 19.07.2014.
3. സർക്കാർ ഉത്തരവ് (പി) 16/15/ഉ.ഭ.പ.വ തീയതി 28.05.2015.
4. സർക്കാർ ഉത്തരവ് (പി) 19/15/ഉ.ഭ.പ.വ തീയതി 20.06.2015.
5. വ്യവസായ വാണിജ്യ ഡയറക്ടറുടെ 08.12.2016 തീയതിയിലെ ഇ.എ്.1/822/14-ാം നമ്പർ നടപടിക്രമം.
6. കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ 22.02.2018 തീയതിയിലെ എ1/1188/18 നമ്പർ നടപടിക്രമം.

പരാമർശം 1 മുതൽ 3 വരെ സർക്കാർ ഉത്തരവ് പ്രകാരം വിവിധ സർക്കാർ വകുപ്പുകളിലെ ക്ലാർക്ക്/ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളിൽ 10% ഒഴിവുകളിലേയ്ക്ക് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് (സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ഉൾപ്പടെ) യോഗ്യതയുടെയും, സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവായിരുന്നു. സൂചന (4) പ്രകാരം എൽ.ഡി.ക്ലാർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിലേയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നേരിട്ടുള്ള നിയമനം നടത്തുന്നത് ജില്ലാടിസ്ഥാനത്തിൽ ആയതിനാൽ മേൽ തസ്തികകളിൽ ജില്ലാടിസ്ഥാനത്തിൽ നിയമനം നൽകാൻ മതിയായ അംഗബലമുള്ള വകുപ്പുകൾ ഒരു കാരണവശാലും സംസ്ഥാനടിസ്ഥാനത്തിൽ തസ്തികമാറ്റം അനുവദിക്കുവാൻ പാടുള്ളതല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതു പ്രകാരം വ്യവസായ വാണിജ്യ വകുപ്പിലെ ജില്ലാതലത്തിലുള്ള ക്ലാർക്കുമാരുടെ കേഡർ സ്ട്രെങ്ങ്ത്ത് പരാമർശം 5 പ്രകാരം നിജപ്പെടുത്തി ഉത്തരവായിരുന്നു.

ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ വകുപ്പിൽ ആകെയുള്ള 218 ക്ലാർക്ക് തസ്തികയുടെ 10% കണക്കാക്കി ആകെ 22 പേർക്ക് ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവായിരുന്നു. തസ്തികമാറ്റംവഴി ക്ലാർക്ക് തസ്തികയിൽ നിയമിതനായ ശ്രീ.വി.കെ.സുരേഷ് ബാബുവിന് സേവന വിരാമത്തോടനുബന്ധിച്ച് 23.02.2018 മുതൽ 31.05.2018 വരെ (വിരമിക്കുന്ന തീയതി) പരിവർത്തിത അവധി അനുവദിച്ച് പരാമർശം 6 പ്രകാരം ഉത്തരവായിട്ടുണ്ട്.

നിലവിൽ തസ്തികമാറ്റംവഴിയുള്ള സ്ഥാനക്കയറ്റത്തിൽ 2 ഒഴിവുകൾ ഉണ്ട്. ഈ ഒഴിവുകളിലേയ്ക്ക് ഇടുക്കി, കോഴിക്കോട് ജില്ലകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെയും, സബോർഡിനേറ്റ് സർവ്വീസിലെ താഴ്ന്ന വിഭാഗം ജീവനക്കാരുടെയും അന്തിമ സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള രണ്ട് ജീവനക്കാർക്ക് അവരുടെ മുൻഗണനാക്രമത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

### ഉത്തരവ്

മേൽ സാഹചര്യത്തിൽ വ്യവസായ വാണിജ്യ വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരായ/സബോർഡിനേറ്റ് സർവ്വീസിലെ താഴ്ന്ന വിഭാഗം ജീവനക്കാരായ താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ യോഗ്യതയുടെയും, സീനിയോറിറ്റിയുടെയും, ഒഴിവിന്റെയും

അടിസ്ഥാനത്തിൽ 19000 – 43600/- രൂപ ശമ്പള നിരക്കിൽ തസ്തികമാറ്റം മുഖേന നിയമനം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | സീനിയോറിറ്റി നമ്പർ/ജില്ല | പേര്, തസ്തിക, ഇപ്പോൾ ജോലി ചെയ്യുന്ന ഓഫീസ് | തസ്തികമാറ്റം നൽകി നിയമിച്ച ഓഫീസ് |
|---|---|---|---|
| 1. | 04/ഇടുക്കി | **ശ്രീ.ബിജു.കെ.തോമസ്**<br>ഓഫീസ് അറ്റൻഡന്റ്<br>ജില്ലാ വ്യവസായ കേന്ദ്രം, ഇടുക്കി | ക്ലാർക്ക്<br>കയർ വികസന ഡയറക്ടറേറ്റ് തിരുവനന്തപുരം (നിലവിലുള്ള ഒഴിവിൽ) |
| 2. | 07/കോഴിക്കോട് | **ശ്രീമതി.ബിനമോൾ.എൻ.**<br>ഓഫീസ് അറ്റൻഡന്റ്<br>താലൂക്ക് വ്യവസായ ഓഫീസ്, വടകര. | ക്ലാർക്ക്<br>ജില്ലാ വ്യവസായ കേന്ദ്രം, കോഴിക്കോട് (നിലവിലുള്ള ഒഴിവിൽ) |

തസ്തികമാറ്റം മുഖേന നിയമനം നേടിയ ഉദ്യോഗസ്ഥൻ ജോലിയിൽ പ്രവേശിക്കുന്നതിന് ടി ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥന് മുമ്പാകെ ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം മുന്നറിയിപ്പ് കൂടാതെ സീനിയോറിറ്റി ലിസ്റ്റിലെ യോഗ്യതയുള്ള അടുത്ത ഉദ്യോഗസ്ഥന് നിയമനം നൽകുന്നതായിരിക്കും. ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർ പ്രവേശന തീയതി മുതൽ തുടർച്ചയായ മൂന്നു വർഷത്തെ സേവനത്തിൽ രണ്ടു വർഷം പ്രൊബേഷനിൽ ആയിരിക്കും. സർക്കാരിന്റെ 20.01.2016- ലെ സ.ഉ.(പി)നം.07/2016/ധന. നമ്പർ ഉത്തരവ് പ്രകാരം പ്രമോഷൻ ലഭിച്ച ഉദ്യോഗസ്ഥരുടെ ടി തസ്തികയിലെ ശമ്പള നിർണ്ണയം നടത്തേണ്ടതാണ്. ടി തസ്തികയിൽ നിർദ്ദിഷ്ട തീയതിക്കുള്ളിൽ റിലിങ്കിഷ് ചെയ്യാനുള്ള അവകാശവും ഉദ്യോഗസ്ഥർക്ക് ഉണ്ടായിരിക്കുന്നതാണ്. ആയത് ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം നിയന്ത്രണാധികാരി മുഖേന നിശ്ചിത പ്രൊഫോർമയിൽ ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

തസ്തിക മാറ്റം മുഖേന ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റും നിലവിലെ നിയന്ത്രണാധികാരിയുടെ വിടുതൽ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്. ടി ജീവനക്കാരെ നിലവിലെ തസ്തികയിൽ നിന്നും വിടുതൽ ചെയ്യുന്നതിന് മുമ്പും, പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പും അവർ എസ്.എസ്.എൽ.സി/തത്തുല്യ പരീക്ഷ പാസ്സായിട്ടുണ്ടോയെന്ന് ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥർ സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. ടി ഉദ്യോഗസ്ഥരെ വിടുതൽ ചെയ്യുന്നതും, ജോലിയിൽ പ്രവേശിപ്പിക്കുന്നതുമായ വിവരം അതാത് നിയന്ത്രണ ഉദ്യോഗസ്ഥർ യഥാസമയം ഈ ആഫീസിനെ അറിയിക്കേണ്ടതാണ്.

ഒപ്പ്/-
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ് : ടി ഉദ്യോഗസ്ഥർ (നിയന്ത്രണാധികാരി മുഖേന)

പകർപ്പ് :
1. ഡയറക്ടർ, കയർ വികസന വകുപ്പ്, തിരുവനന്തപുരം.
2. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, ഇടുക്കി/കോഴിക്കോട്.
3. ഉപജില്ലാ വ്യവസായ ഓഫീസർ, താലൂക്ക് വ്യവസായ ഓഫീസ്, വടകര
4. സൂക്ഷിപ്പ് ഫയൽ/അധിക പകർപ്പ്.

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്